"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽ കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റേഞ്ചിൽ ആനപാപ്പാനായി സേവനത്തിലിരിക്കെ 24.06.2021 ന് മരണപ്പെട്ട ശ്രീ. എസ്സ്. ഭാർഗ്ഗവന്റെ മകൻ ശ്രീ. ജിത്തു.ബി.എസ്-ന് വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/F&WLD — തീയതി,തിരുവനന്തപുരം, 26-11-2022.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.ജിത്തു.ബി.എസ്, പഴക്കാട് വീട്, അയിര, അയിര പി ഒ, തിരുവനന്തപുരം-695502 സമർപ്പിച്ച 10.01.2022 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.04.2022 ലെ ഇ6/1153/2022, 17.11.2022 ലെ ഇ6/769/2022 നമ്പർ കത്തുകളും അനുബന്ധ രേഖകളും.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.07.2022 ലെ DCTVM/4047/2022-S6 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽ കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റേഞ്ചിൽ ആനപാപ്പാനായി സേവനത്തിലിരിക്കെ 24.06.2021 ന് മരണപ്പെട്ട ശ്രീ. എസ്സ്. ഭാർഗ്ഗവന്റെ മകൻ ശ്രീ. ജിത്തു.ബി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. നെയ്യാറ്റിൻകര തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ സരോജം, മകൻ ജിത്തു.ബി.എസ്, ജിജി.ബി.എസ് @സജിത്ത് എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 14.02.1995 ആണ്. ടിയാന് 27 വയസ്സ് പൂർത്തിയായിട്ടുള്ളതും എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവ പാസ്സായിട്ടുള്ളതുമാണ്. കൂടാതെ ടിയാൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള കായിക ക്ഷമതാ ടെസ്റ്റായ വൺസ്റ്റാർ സ്റ്റാൻഡേർഡ് ടെസ്റ്റും പാസായിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 1,02,450/-രൂപയാണെന്ന് കാരോട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം വൈൽഡ് ലൈഫ്

ഡിവിഷന്റെ പരിധിയിൽ കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റേഞ്ചിൽ ആനപാപ്പാനായി സേവനത്തിലിരിക്കെ 24.06.2021 ന് മരണപ്പെട്ട ശ്രീ എസ്സ്. ഭാർഗ്ഗവന്റെ മകൻ ശ്രീ. ജിത്തു.ബി.എസ് ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, തിരുവനന്തപുരം ജില്ലയിൽ വനം വന്യജീവി വകുപ്പിൽ, 27900-63700 രൂപ ശമ്പള സ്കെയിലിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും തിരുവനന്തപുരം ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് പ്രസ്തുത ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ.ജിത്തു.ബി.എസ്, പഴക്കാട് വീട്, അയിര, അയിര പി ഒ,തിരുവനന്തപുരം-695 502. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 29-11-2022 10:23:11**
സെക്ഷൻ ഓഫീസർ.